LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ഭ്രരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഒന്നാംഘട്ട പട്ടയ വിതരണം 14 ജില്ലകളിലും നടന്നുകഴിഞ്ഞു. രണ്ടാംഘട്ട പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയാണ്.

(ബി) തൃശ്ശൂർ, ചാവക്കാട് താലൂക്കുകളിൽ നിന്ന് ലഭ്യമായ 15,002 അപേക്ഷകളിൽ നിന്നും 13161 കുടുംബങ്ങളെ പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുണ്ട്. 252 കുടുംബങ്ങൾക്ക് ഒന്നാം ഘട്ടമായി ഭ്രമി വിതരണം ചെയ്തിട്ടുണ്ട്.

ഭ്രരഹിതരില്ലാത്ത കേരളം പദ്ധതി

158(4789) ശ്രീ. കെ .രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭ്രരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം സർക്കാർ ഇതേവരെ എത്രപേർക്ക് ഭ്രമി അനുവദിച്ചിട്ടുണ്ടെന്നും എവിടെയെല്ലാമാണെന്നും ജില്ല തിരിച്ച് പറയാമോ;

(ബി) ഇതിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരിൽ എത്രപേർക്ക് ഭ്രമി അനുവദിച്ചിട്ടുണ്ടെന്ന് പറയാമോ;

(സി) സംസ്ഥാനത്താകെ ഭ്രരഹിതരായി സർക്കാർ കണ്ടെത്തിയത് എത്രപേരാണെന്നും അതിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർ എത്രപേരുണ്ടായിരുന്നുവെന്നും അവർക്കെല്ലാവർക്കും സർക്കാർ നൽകിയ ഉറപ്പനുസരിച്ച് ഭ്രമി വിതരണം പൂർത്തിയാക്കാൻ എന്തുകൊണ്ട് സാധിച്ചില്ലെന്നും പറയാമോ;

(ഡി) ഭ്രരഹിതരായി സർക്കാർ കണ്ടെത്തിയ എല്ലാപേർക്കും എന്ന് ഭ്രമി വിതരണം പൂർത്തിയാക്കാൻ കഴിയുമെന്ന് പറയാമോ?

ഉത്തരം

(എ) ഭ്രരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം 36491 പേർക്ക് ഒന്നാം ഘട്ടത്തിൽ ഭ്രമി അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

ജില്ല	അനുവദിച്ച പട്ടയങ്ങളുടെ എണ്ണം
തിരുവനന്തപുരം	3181
കൊല്ലം	683
പത്തനംതിട്ട	506
ആലപ്പുഴ	256
കോട്ടയം	1309
ഇടുക്കി	1992
എറണാകുളം	1449
തൃശ്ശൂർ	510
പാലക്കാട്	2114
മലപ്പുറം	843
കോഴിക്കോട്	1550
വയനാട്	727
കണ്ണൂർ	11100
കാസർഗോഡ്	10271
ആകെ	36491

(ബി) പട്ടികജാതിയിൽപ്പെട്ട 5668 പേർക്കും പട്ടികവർഗ്ഗത്തിൽപ്പെട്ട 518 പേർക്കും ഭൂമി അനുവദിച്ചിട്ടുണ്ട്.

(സി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പദ്ധതിയുടെ ഭാഗമായി ലഭ്യമായ അപേക്ഷകളിൽ അന്വേഷണം നടത്തിയതിൽ ഒന്നാം ഘട്ടമായി ആകെ 243928 പേരെയാണ് അർഹരായ ഭൂരഹിത കുടുംബങ്ങളായി കണ്ടെത്തി ലിസ്റ്റ് പ്രസിദ്ധീകരിച്ചു

LIBRARY ARCHIVES Kerala Legislative Assembly

അപേക്ഷ സ്വീകരിക്കുന്ന തീയതി നീട്ടിയതിൻപ്രകാരം ലഭിച്ച അപേക്ഷകളിൽ അന്വേഷണം നടത്തി വരുന്നു. അവരിൽ താഴെ വിവരിക്കും പ്രകാരം പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ ഉണ്ടെന്നും കണ്ടെത്തിയിരുന്നു. ഒന്നാംഘട്ട പട്ടയവിതരണത്തിൽ തന്നെ കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ലിസ്റ്റിലുണ്ടായിരുന്ന മുഴുവൻ ഗുണഭോക്താക്കൾക്കും പട്ടയം അനുവദിക്കാൻ കഴിഞ്ഞിട്ടുണ്ട്. ലിസ്റ്റിൽ അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് കൂടി ഭൂമി നൽകി പദ്ധതിയുടെ ലക്ഷ്യത്തിൽ എത്തുന്നതിനുള്ള തീവ്രയത്ന പരിപാടികൾ നടപ്പിലാക്കി വരുന്നു.

ജില്ല	പട്ടികജാതിക്കാർ	പട്ടികവർഗ്ഗക്കാർ
തിരുവനന്തപുരം	6585	34
കൊല്ലം	3363	19
പത്തനംതിട്ട	1779	68
ആലപ്പുഴ	1513	86
കോട്ടയം	1115	119
ഇടുക്കി	2543	63
എറണാകുളം	4128	182
തൃശ്ശൂർ	4792	23
പാലക്കാട്	4229	311
മലപ്പുറം	3695	195
കോഴിക്കോട്	456	15
വയനാട്	285	862
കണ്ണൂർ	799	73
കാസർഗോഡ്	566	176

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വിവിധ ഘട്ടങ്ങളിലായാണ് പദ്ധതി പ്രകാരം പട്ടയങ്ങൾ നൽകുവാൻ തീരുമാനിച്ചിട്ടുള്ളത്. ഒന്നാംഘട്ട പട്ടയ വിതരണം 14 ജില്ലകളിലും നടന്നുകഴിഞ്ഞു. രണ്ടാം ഘട്ട പട്ടയവിതരണത്തിനുള്ള നടപടികൾ ഊർജ്ജിതമാക്കിയിട്ടുണ്ട്. 2015 ഡിസംബർ മാസത്തോടു കൂടി പദ്ധതി പ്രകാരമുള്ള മുഴുവൻ ഗുണഭോക്താക്കൾക്കും ഭൂമി നൽകാനാണ് ലക്ഷ്യം വയ്ക്കുന്നത്.

വനാതിർത്തിയിലെ കൃഷിഭൂമിക്ക് നികുതി അടയ്ക്കാൻ സൗകര്യം

159(4790) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ കൂരാച്ചുണ്ട്, പനങ്ങാട് ഗ്രാമപഞ്ചായത്തുകളിലെ വനാതിർത്തിയിലെ കൃഷിഭൂമിക്ക് നികുതി സ്വീകരിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് നടന്ന ഉന്നതതലയോഗ തീരുമാനപ്രകാരം പ്രത്യേക സർവ്വേ ടീം രൂപീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സർവ്വേ ടീം വനാതിർത്തി നിർണ്ണയം പൂർത്തിയാക്കിയോ;

(ഡി) കർഷകരുടെ നികുതി സ്വീകരിക്കുന്നതിനും ഭൂരേഖകൾ നൽകുന്നതിനും ഇനിയും തടസ്സങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത നടപടികൾ പെട്ടെന്ന് പൂർത്തിയാക്കാൻ നിർദ്ദേശിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റവന്യൂ/വനം വകുപ്പ് ഉദ്യോഗസ്ഥർ ഉൾപ്പെടെ പ്രത്യേക സർവ്വേ ടീം രൂപീകരിച്ചിട്ടുണ്ട്.

(സി) 2015 ഫെബ്രുവരി 5-ന് മുമ്പ് പൂർത്തിയാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) 1-1-1977-ന് മുമ്പ് കൈവശം വെച്ചുവരുന്നവരുടെ ഭൂമിയുടെ അതിർത്തി തിരിച്ച് കല്ലിടൽ പ്രവൃത്തി പൂർത്തിയാകുന്നതോടെ കർഷകരുടെ നികുതി സ്വീകരിക്കുന്നതിനും ഭൂരേഖകൾ [illegible] നുമുള്ള തടസ്സങ്ങൾ നീങ്ങുന്നതാണ്.

(ഇ) 2015 ഫെബ്രുവരി 5-ന് [illegible] പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly